## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179

06.07.2015-ൽ മറുപടിക്ക്

### ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുമേൽ 61 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കിയതിന് എതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ 10.04.15 ലെ 30035/15/97 FY(T-1) Vol.IV നം. ഉത്തരവ് പ്രകാരം വെസ്റ്റ് കോസ്റ്റിൽ (പടിഞ്ഞാറൻ മേഖലയിൽ) ടെറിട്ടോറിയൽ വാട്ടേഴ്സിനു പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത്. ഇക്കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ ദൂരത്ത് മത്സ്യബന്ധനം നടത്തുന്നതിന് വിലക്കില്ല. മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാരിന്റെ തീരുമാനം ദോഷകരമായി ബാധിക്കും എന്നതിനാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കരുത് എന്നുള്ള കാര്യം കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ നേരിട്ട് കണ്ടും പ്രസ്തുത വിഷയം അവതരിപ്പിച്ചു. എന്നാൽ 61 ദിവസം മാറ്റി 47 ദിവസം ആക്കണമെന്നുള്ള കേരളത്തിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടില്ല. ഈ കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് വിലക്കില്ല എന്ന് പ്രധാനമന്ത്രി അറിയിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിന് തീരദേശ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം വിളിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ